കേരള സർക്കാർ

നം.24072/ഡിസി1/09/തസ്വഭവ.

തദ്ദേശ സ്വയംഭരണ(ഡിസി) വകുപ്പ്,
തിരുവനന്തപുരം,
തീയതി: 30-6-09.

## സർക്കുലർ

വിഷയം:- ചപ്പുചവറുകളില്ലാത്ത പൊതുനിരത്തുകൾ - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ - സംബന്ധിച്ച്.

കേരളത്തിലെ പൊതുറോഡുകളിൽ ചപ്പുചവറുകൾ അലക്ഷ്യമായി വലിച്ചെറിയുന്നതും, വിവിധ മാലിന്യങ്ങൾ നിക്ഷേപിക്കുക തുടങ്ങിയ അനാരോഗ്യകരമായ പ്രവണത വ്യാപകമായിരിക്കുകയാണ്. ഇത്തരം പ്രവർത്തനങ്ങൾ മൂലം പൊതുജനങ്ങൾക്ക് പ്രത്യേകിച്ച് കാൽനടക്കാരുൾപ്പെടെയുള്ള യാത്രക്കാർക്ക് ധാരാളം ബുദ്ധിമുട്ടുകളുണ്ടാകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളസംസ്ഥാനം ഏറ്റെടുത്തിട്ടുള്ള മാലിന്യമുക്ത കേരളം കർമ്മ പരിപാടിയിൽ ചപ്പുചവറുകളില്ലാത്ത പൊതുനിരത്തുകൾ ഒരു പ്രധാന ലക്ഷ്യമാണ്. വരുന്ന 3 വർഷക്കാലം കൊണ്ട് സംസ്ഥാനത്തെ എല്ലാ പൊതുനിരത്തുകളും ചവറുരഹിതമാക്കി മാറ്റുന്നതിന് മുന്നോടിയായി ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും തങ്ങളുടെ പരിധിയിൽ വരുന്ന ഒന്നോ രണ്ടോ പ്രധാന നിരത്തുകൾ പൈലറ്റ് അടിസ്ഥാനത്തിൽ ശുചിത്വമുള്ള റോഡുകളാക്കി മാറ്റുന്നതിനായി തീരുമാനമെടുക്കേണ്ടതാണ്. ഈ പ്രവർത്തനം സമയബന്ധിതവും കാര്യക്ഷമവുമായി നടപ്പാക്കുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തങ്ങളുടെ പരിധിയിലെ പ്രധാനപ്പെട്ട വ്യാപാര കേന്ദ്രങ്ങൾ, ആരാധനാലയങ്ങൾ, പൊതുസ്ഥാപനങ്ങൾ, ആളുകൾ തിങ്ങിപാർക്കുന്ന സ്ഥലങ്ങൾ എന്നിവ കേന്ദ്രീകരിച്ച് ഒന്നോ രണ്ടോ റോഡുകൾ ഈ പ്രവർത്തനത്തിനായി ഏറ്റെടുക്കണം.

...........................2/-

2 റോഡുകൾ തിരഞ്ഞെടുക്കുമ്പോൾ തദ്ദേശവാസികൾ, സാമൂഹിക സംഘടനകൾ, വ്യാപാരി വ്യവസായി സമൂഹം, റസിഡന്റ്സ് അസോസിയേഷൻ തുടങ്ങിയവരുടെ സഹായസഹകരണങ്ങൾ ലഭ്യമാകുന്ന റോഡുകൾക്ക് മുൻഗണന നൽകണം.

3 തിരഞ്ഞെടുക്കുന്ന റോഡുകളിൽ റോഡിന്റെ പേരും, 'മാതൃകാ ശുചിത്വ റോഡ്' എന്ന ബോർഡും പ്രദർശിപ്പിക്കേണ്ടതാണ്.

4. പ്രസ്തുത റോഡുകൾ, പൊതു ശുചിത്വരംഗത്ത് മാതൃകകളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പൊതുജനപങ്കാളിത്തത്തോടെ ആവിഷ്ക്കരിക്കണം.

5. വിപുലമായ പ്രചരണത്തിലൂടെ റോഡുകളിൽ അലക്ഷ്യമായി ചപ്പുചവറുകൾ, മാലിന്യങ്ങൾ ഇവ നിക്ഷേപിക്കുന്നതിൽ നിന്നും ആളുകളെ പിൻതിരിപ്പിക്കേണ്ടതാണ്.

6. റോഡിന്റെ പരിസരത്തും ചുറ്റുപ്രദേശങ്ങളിലും വേണ്ടത്ര ബോധവത്കരണപ്രവർത്തനങ്ങൾ സംഘടിപ്പിച്ച് ജൈവ-അജൈവ മാലിന്യങ്ങൾ ഉത്ഭവസ്ഥാനത്ത് തന്നെ സംസ്കരിക്കുന്ന രീതി പ്രോത്സാഹിപ്പിച്ച് നിരത്തിൽ മാലിന്യങ്ങൾ എത്തുന്നില്ല എന്ന് ഉറപ്പുവരുത്തണം.

7. നിരത്തിൽ ജനപങ്കാളിത്തത്തോടെ പൂന്തോട്ടവത്കരണം, വൃക്ഷങ്ങൾ വച്ച് പിടിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം.

8. നിരത്തുകൾ കൃത്യമായി അടിച്ചുവാരുന്നതിനുള്ള ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്നതോടൊപ്പം നിരത്തുകളിലെ പൊതു ശുചിത്വം സംരക്ഷിക്കുന്നതിനുള്ള ചുമതല റസിഡന്റ്സ് അസോസിയേഷൻ, സന്നദ്ധ സംഘടനകൾ, വായനശാലകൾ, വ്യാപാരി വ്യവസായി സംഘങ്ങൾ എന്നിവയ്ക്കു നൽകേണ്ടതാണ്. നിരത്തുകൾ ശുചീകരിക്കുന്നതിന് തൊഴിലാളികളുടെ അഭാവമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ യൂണിറ്റുകളുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്.

9. മാതൃകാ നിരത്തുകളാക്കി മാറ്റുന്ന റോഡുകളുടെ പേരുവിവരം തദ്ദേശ സ്ഥാപനങ്ങൾ പരസ്യം ചെയ്യേണ്ടതും അവയുടെ പരിപാലനം പ്രത്യേകമായി മോണിറ്റർ ചെയ്യേണ്ടതും പരിഹാര നടപടികൾ അപ്പപ്പോൾ എടുക്കേണ്ടതുമാണ്.

10. പ്രസ്തുത നിരത്തിൽ മാലിന്യങ്ങൾ, ചപ്പുചവറുകൾ തുടങ്ങിയവ കൈകാര്യം ചെയ്യേണ്ട രീതി, നിവാസികൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഇവ ആകർഷകമായ ബോർഡുകൾ വഴി പരസ്യം ചെയ്യാവുന്നതാണ്. കൂടാതെ റോഡിന്റെ സംരക്ഷണ ചുമതല ഏറ്റെടുത്തിട്ടുള്ള സന്നദ്ധസംഘം/ഏജൻസിയുടെ പേര്‌വിവരം തുടങ്ങിയവ പരസ്യപ്പെടുത്താവുന്നതാണ്.

11. നിരത്ത് വൃത്തിയായി സൂക്ഷിക്കുന്നതിൽ വിഘ്നം വരുത്തുന്ന നിവാസികൾ, കച്ചവടസ്ഥാപനങ്ങൾ എന്നിവർക്കെതിരെ നിയമനടപടികളെടുക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

......3/-

12. മേൽ പറഞ്ഞ പ്രകാരം ഏറ്റെടുക്കുന്ന റോഡുകൾ മാതൃകാ റോഡുകളായി നില നിർത്തുകയും ഇതേ മാതൃകയിലുള്ള പ്രവർത്തനങ്ങൾ തുടർ വർഷങ്ങളിൽ മറ്റ് റോഡുകളിലേക്ക് വ്യാപിപ്പിക്കേണ്ടതുമാണ്.

13. ഓരോ ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നിവിടങ്ങളിൽ ഈ വർഷം ഏറ്റെടുക്കുന്ന മാതൃകാ ശുചിത്വറോഡുകളുടെ പേര്, ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ എന്നിവ കൂടാതെ പ്രസ്തുത റോഡിന്റെ സ്ഥാനം കാണിക്കുന്ന റോഡ് മാപ്പ് സഹിതം സമ്പൂർണ്ണ ശുചിത്വ യജ്ഞത്തിന്റെ ജില്ലാ കോർഡിനേറ്റർ മാർക്ക് നൽകേണ്ടതാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മാലിന്യ മുക്ത കാമ്പയിൻ പ്രവർത്തനങ്ങൾ വിലയിരുത്തുമ്പോൾ ചപ്പ് ചവറുകളില്ലാത്ത റോഡുകൾ ഒരു പ്രധാന ഇനമായി പരിഗണിക്കുന്നതിനാൽ ബന്ധപ്പെട്ട സ്ഥാപനങ്ങൾ മേൽ നിർദ്ദേശങ്ങൾ പരമാവധി കൃത്യതയോടെ നടപ്പാക്കണമെന്ന് അറിയിക്കുന്നു.

എസ്.എം.വിജയാനന്ദ്.
ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി.

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം
എല്ലാ കോർപ്പറേഷൻ മേയർമാർ/സെക്രട്ടറിമാർ (നഗരകാര്യ ഡയറക്ടർ മുഖേന)
ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ/സെക്രട്ടറിമാർ (ഗ്രാമവികസന കമ്മീഷണർ മുഖേന)
മുനിസിപ്പൽ ചെയർമാൻമാർ/സെക്രട്ടറിമാർ (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പ്രസിഡന്റുമാർ/സെക്രട്ടറിമാർ (ഗ്രാമവികസന കമ്മീഷണർ മുഖേന)
ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ/സെക്രട്ടറിമാർ (പഞ്ചായത്ത് ഡയറക്ടർ മുഖേന)
ഓഫീസ് കോപ്പി/കരുതൽ ഫയൽ.

പകർപ്പ്:- തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
തദ്ദേശ സ്വയംഭരണ വകുപ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.
തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.

ഉത്തരവിൻപ്രകാരം അയക്കുന്നത്.

സെക്ഷൻ ഓഫീസർ.